പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2004 16.02.2016-ൽ മറുപടിയ്ക്ക്

നാഷണൽ ഗെയിംസിന് ലഭിച്ച കേന്ദ്ര ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കേരള ത്തിൽ നടന്ന മുപ്പത്തി അഞ്ചാമത് നാഷണൽ ഗെയിംസിന് കേന്ദ്ര ധനസഹായമായി ആകെ എത്ര തുക ലഭിക്കുകയുണ്ടായി ; | (എ) കേന്ദ്ര ധനസഹായമായി ആകെ 128.78 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനവിഹിതമായി എത്ര തുക ലഭ്യമാക്കി ; | (ബി) സംസ്ഥാന വിഹിതമായി 31.01.2016 വരെ 328.06 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) മറ്റ് ഏതെല്ലാം ഏജൻസികളിൽനിന്ന് എത്ര തുക വീതം ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ; | (സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ഇനത്തിൽ 4.08 കോടി രൂപയും കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ നിർമ്മാണ ത്തിനായി കരാർ പ്രകാരം കോർപ്പറേഷൻ നൽകേണ്ട വിഹിതമായ 10.8 കോടി രൂപയിൽ (ആകെ തുകയുടെ 45%) ഇതുവരെ അനുവദിച്ച 8.89 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |
| (ഡി) മുപ്പത്തി അഞ്ചാമത് നാഷണൽ ഗെയിംസിന്റെ വരവ്-ചെലവ് കണക്കുകൾ ലഭ്യമാക്കുമോ ; | (ഡി) 31.01.2016 വരെ ആകെ വരവ് 472.86 കോടി രൂപയും ആകെ ചെലവ് 459.52 കോടി രൂപയുമാണ്. |

| | | | |
|---|---|---|---|
| (ഇ) | വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുകയുണ്ടായോ ; | (ഇ), (എഫ്) & (ജി) | ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ഇന്റേണൽ ഓഡിറ്ററും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററും 31.03.2015 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റും അക്കൗണ്ടന്റ് ജനറലും 35-ാം ദേശീയ ഗെയിംസിന്റെ സംഘാടനവും അനുബന്ധ പ്രവർത്തനങ്ങളും വരവ്-ചെലവ് കണക്കുകളും വിശദമായ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് നിരീക്ഷണങ്ങൾക്കുള്ള മറുപടി തയ്യാറാക്കിവരുന്നു. |
| (എഫ്) | ഏത് ഏജൻസിയാണ് ആഡിറ്റ് ചെയ്തത് ; | | |
| (ജി) | ആഡിറ്റ് ഏജൻസി തയ്യാറാക്കിയ ആഡിറ്റ് നിരീക്ഷണങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ? | | |

Mary M

സെക്ഷൻ ഓഫീസർ